മിസ്റ്റർ എം. കെ. രാജ: സർ, പൊതുജനങ്ങളുടെ ഇത്തരം സൌകര്യങ്ങളെ സംബന്ധിക്കുന്ന കാര്യങ്ങളിൽ ഗവൺമെണ്ട് എന്തെങ്കിലും തെറ്റു പ്രവർത്തിക്കുകയാണെങ്കിൽപോലും അതു സമ്മതിച്ചുകൊടുക്കാൻ ഞങ്ങൾ തയ്യാറാണ്. പക്ഷെ, അവർ ചെയ്യുന്ന തെറ്റ് കുത്തകക്കാരായ ഏതാനും ബസ്സുടമസ്ഥന്മാക്കനുകൂലമായല്ല, കഷ്ടപ്പെടുന്ന പൊതുജനങ്ങൾക്കനുകൂലമായിട്ടാവണം എന്നുമാത്രമേ ഞാൻ പറയുന്നുള്ളൂ.

എനിക്കു മറ്റൊരു നിർദ്ദേശം നല്കുവാനുള്ളതു് നമ്മുടെ പാസഞ്ചർ ബസ്സുകളുടെ വലിപ്പം കുറച്ചു കുറക്കുന്നതു നന്നായിരിക്കുമെന്നുള്ളതാണ്. വലിയ വലിയ ബസ്സുകൾ ഓരോലയിനിലും ഓടിക്കുമ്പോഴാണ് ഉടമസ്ഥന്മാക്കു ചിലവു കൂടുതൽ ഉണ്ടാകുന്നതു്. അവക്കു മുഴവൻ ലോഡുകിട്ടാതെ വരുമ്പോൾ ടിപ്പുകൾ മുഴവൻ എടുക്കുവാൻ വൈമനസ്യമുണ്ടാകും. പ്രത്യേകിച്ചു കൂടുതൽ ടിപ്പുകൾ ആവശ്യമാകുന്ന സമയങ്ങളിൽ ചെറിയ ചിലവിൽ കൂടുതൽ ബസ്സുകൾ ഓടിക്കുന്നതായിരിക്കും യാത്രക്കാക്കു അധികം സൌകര്യമാവുക. ഈ കാര്യം ട്രാഫിക്കു് ബോർഡിന്റെ ശ്രദ്ധയിൽ കൊണ്ടുവരുവാൻ ഞാൻ ആഗ്രഹിക്കുന്നു.

ബസ്സു ട്രാഫിക്കിനെപ്പറ്റി ഞങ്ങൾ കൊണ്ടുവന്ന ആക്ഷേപങ്ങളെ സംബന്ധിച്ചു് ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടി തികച്ചും തൃപ്തികരമാണെന്നു പറയാൻ എനിക്കു സന്തോഷമുണ്ടു്. വളരെ ഉത്തരവാദിത്വമുള്ള ഇത്തരം ചുമതലകൾ നിർവ്വഹിക്കുന്ന പോലീസ്സു ഉദ്യോഗസ്ഥന്മാരേയും ബസ്സു ജോലിക്കാരേയും പറ്റി അനാവശ്യമായ ആക്ഷേപങ്ങൾ കൊണ്ടുവന്നു അവരെ അലോസരപ്പെടുത്തണമെന്നു ഞങ്ങൾ ആഗ്രഹിക്കുന്നില്ല. പക്ഷെ, ന്യായമായ രീതിയിൽ പൊതുജനങ്ങളുടെ സൌകര്യത്തെ ലക്ഷ്യമാക്കി പ്രവർത്തിയ്ക്കേണ്ട പോലീസ്സുദ്യോഗസ്ഥന്മാർ കുറെക്കൂടി സഹകരണമനോഭാവത്തോടുകൂടി പൊതുജനങ്ങളോടു പെരുമാറണമെന്ന നിർദ്ദേശം ബഹുമാനപ്പെട്ട മന്ത്രി അവക്കു് കൊടുക്കുമെന്നു ഞാൻ പ്രതീക്ഷിക്കുന്നു. കംപ്ലെയിൻറ പുസ്തകങ്ങൾ ബസ്സുകളിൽതന്നെ വയ്ക്കണമെന്നു ഞാൻ നിർബ്ബന്ധിക്കുന്നില്ല. ബസ്സുകളിൽ യാത്രക്കാക്കു് സഹിക്കേണ്ടിവരുന്ന ആക്ഷേപാർഹങ്ങളായ ബുദ്ധിമുട്ടുകളെപ്പറ്റി തൃപ്തികരമായ നടപടികൾ ഉടനടി എടുക്കാൻ ഗവൺമെൻറ തയ്യാറാണെന്നു പത്രങ്ങളിൽ പരസ്യം ചെയ്യുന്നതുകൊണ്ടുപോലും ഞാൻ തൃപ്തിപ്പെട്ടും. പൊതുജനങ്ങൾക്കു രക്ഷകിട്ടണമെന്നേ ഞാനുദ്ദേശിക്കുന്നുള്ളൂ. അവക്കുവേണ്ടി പല പോലീസ്സുദ്യോഗസ്ഥന്മാരും കൃത്യനിഷ്ഠയോടുകൂടി പരിശ്രമിക്കുന്നുണ്ടു്. ഈയവസരത്തിൽ ട്രാഫിക്കതോറിറ്റിയുടെ ആത്മാർത്ഥതയേയും അതിൻറെ അദ്ധ്യക്ഷനായ പോലീസ്സു് കമ്മീഷണരുടെ കൃത്യനിഷ്ഠയേയും സംബന്ധിച്ചു എനിയ്ക്കു അഭിനന്ദിയ്ക്കാതിരിയ്ക്കാൻ നിവർത്തിയില്ല. അവർ അർഹിക്കുന്നുണ്ടു്. ഏറ്റവും ചുമതലയേറിയ ഈ പ്രവർത്തിയെ ഏറ്റവും ആത്മാർത്ഥതയോടുകൂടി പോലീസ്സു് കമ്മീഷണർ നിർവ്വഹിക്കുന്നുണ്ടെന്നു എനിക്കു ബോദ്ധ്യമുണ്ടു്. ഞാൻ ഇവിടെ സമ്പൂർണ്ണമായി സംസാരിച്ചു കഴിഞ്ഞശേഷം, അതിൽ സൂചിപ്പിച്ചിരുന്ന ഒരു സംഗതിയെപ്പറ്റി, അതായതു ഒരു കുസ്തീയമത്സരക്ഷനോടു് ഒരു ബസ്സു കണ്ടക്ടർ അപമര്യാദപ്രവർത്തിച്ചു എന്ന ആക്ഷേപത്തെപ്പറ്റി അദ്ദേഹം തക്ക നടപടിയെടുത്തിട്ടുള്ളതായി എനിക്കിപ്പോൾ വിവരം കിട്ടിയിട്ടുണ്ടു്. അതിനു് ഞാൻ അദ്ദേഹത്തെ മാത്രമല്ലാ ഗവൺമെണ്ടിനേയും അഭിനന്ദിച്ചുകൊള്ളുന്നു. മേലിലും ഈദൃശമായ കൃത്യനിർവ്വഹണനിഷ്ഠ ആവലാതികളെപ്പറ്റി നടപടിയെടുക്കുന്നതിൽ അദ്ദേഹം കാണിക്കുമെന്നും ഞാനാശിക്കുന്നു. ഈ ഉപക്ഷേപത്തിൻറെ വാദപ്രതിവാദത്തിനിടയിൽ ഉന്നയിച്ചിട്ടുള്ള മറ്റു പല വിമർശനങ്ങളും തീരെതമ്മിൽ നിസ്സാരങ്ങളാണ്. അവയെ സംബന്ധിച്ചു ഇനി യാതൊന്നും പറയാൻ ഞാനാഗ്രഹിക്കുന്നില്ല.

ഈഖണ്ഡനോപക്ഷേപത്തെ ഈ സഭയുടെ അനുമതിയോടുകൂടി ഞാൻ പിൻവലിച്ചുകൊള്ളുന്നു.

Motion, by leave, withdrawn

(ii) Conduct of the cherpu police towards Depressed classes

മിസ്റ്റർ കെ. കെ. കണ്ണൻ: സർ, ഇതാണ് എൻറെ കട്മോഷൻ. *To reduce the allotment of Rs. 16,73,466 for Police in Demand No. 22 by. Re. 1. (To bring to the notices of the Government the undesirable attitude of the Cherpu local Police shown towards the Depressed Classes in dealing with the assault cases occurring in their jurisdiction)* സർ, വളരെ ഹൃദയവേദനയോടുകൂടിയാണ് ഞാൻ ഈ ഉപക്ഷേപം ഇവിടെ അവതരിപ്പിക്കുന്നതു്. വളരെ നാളായിട്ടുണ്ടു് ചേർപ്പു ലോക്കൽ പോലീസ്സ് അധ:കൃതമർദ്ദനക്കേസ്സുകളിൽ തക്ക നടപടിയെടുക്ക

LIBRARY ARCHIVES Kerala Legislative Assembly

ന്നില്ലായെന്നുള്ള ആക്ഷേപം കേട്ടുതുടങ്ങീട്ട്. അതിനെ സംബന്ധിച്ചു പല ആവലാതികളും എന്റെ അടുത്തു വരുകയും, ഞാൻ അവ പോലീസ്സുകമ്മീഷണർ അവർകളുടെ ശ്രദ്ധയിൽ പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇന്നലെ മെഡിക്കൽ വകുപ്പിനെ സംബന്ധിച്ചു നടന്ന വിമർശനത്തിൽ ഞാൻഅവതരിപ്പിച്ച ഉപക്ഷേപത്തെക്കുറിച്ചു സംസാരിച്ച കൂട്ടത്തിൽ മേലായി എന്നൊരു സ്ത്രീയുടെ കാര്യവും ഇവിടെ സംസാരിക്കുകയുണ്ടായി. അവണി ശ്ശേരി വില്ലേജിൽ അയ്യപ്പക്കുട്ടി എന്ന ഒരു പുലയന്റെ ഭാര്യ മേലായി എന്ന സ്ത്രീയുടെ വീട്ടിൽ കയറി ഇക്കഴിഞ്ഞ മേടം ൨൦-ാംന്നു കരിയ എന്നൊരാൾ കഠിനമായി ഉപദ്രവിക്കുകയുണ്ടായി. ആ മർദ്ദനത്തെ സംബന്ധിച്ചു ഉടൻതന്നെ ആ സ്ത്രീ ചേർപ്പു പോലീസിന്റെ അടുക്കൽ ആവലാതിപ്പെടുകയുണ്ടായി. എന്നാൽ അതിനു തക്കതായ യാതൊരു നടപടിയും അവർ നടത്തുകയുണ്ടായില്ല. മേടം ൨൦-ാംന്നുയാണ് ഈ സംഭവം ഉണ്ടായതു്. ൨൧-ാംന്നു കരിയായുടെ സഹോദരൻ ആ വീട്ടിൽ തന്നെ കയറി അവിടെ ഉണ്ടായിരുന്ന ചട്ടിയും കലവും മറ്റു സാമാനങ്ങളും നശിപ്പിച്ചു കളഞ്ഞു എന്നും അറിയുന്നുണ്ട്. ഈ സംഗതിയും ചേർപ്പു പോലീസ്സിന്റെ ദൃഷ്ടിയിൽ പെട്ടിട്ടുണ്ട്. ആ കേസു കളവാണെന്നുപറഞ്ഞു് ലോക്കൽ പോലീസ്സ് ആ ആവലാതിക്കാക്ക് റഫർനോട്ടീസ്സ് കൊടുക്കുകയാണു് ചെയ്തിട്ടുള്ളതു്. ഇങ്ങിനെ റഫർ നോട്ടീസു കൊടുത്തതിനെ സംബന്ധിച്ചു ഇക്കഴിഞ്ഞ മിഥുനം ൯-ാംന്നു ബഹുമാനപ്പെട്ട പോലീസ്സ് കമ്മീഷണർ അവർകളെ ഞാൻ നേരിട്ടുകണ്ട് ആവലാതിപ്പെട്ടിട്ടുണ്ട്. തക്കനടപടി എടുക്കാമെന്നാണു് അദ്ദേഹം പറഞ്ഞതു്. ചേർപ്പു പോലീസ്സ്സ്റ്റേഷന്റെ അധികാരാതൃത്തിയിൽ ഉണ്ടായ വേറൊരു കേസും എന്റെ അറിവിൽ പെടുകയുണ്ടായി. ഒരു പുലയൻ നടത്തിവരുന്ന ചായക്കടയിൽ ഏതാനും തെമ്മാടികൾ കയറിച്ചെന്നു് അവിടെയുള്ള പാത്രങ്ങളും മറ്റുപകരണങ്ങളും നശിപ്പിച്ചു കളഞ്ഞു എന്നുള്ളതാണു് ആ പരാതി. വിവരം ചേർപ്പു പോലീസ്സ്സ്റ്റേഷനിൽ അറിയിച്ചു. ആ കേസ്സു വന്നപ്പോഴും, അന്വേഷണം നടത്തിയിട്ടു തെളിവില്ലായെന്നു പറഞ്ഞു് ചേർപ്പു പോലീസ്സ് റഫർനോട്ടീസ്സ് കൊടുക്കുകയാണുണ്ടായതു്. മിഥുനം ൯-ാംന്നു മറ്റു പല കേസുകളേയും സംബന്ധിച്ചു് ബഹുമാനപ്പെട്ട കമ്മീഷണരുമായി സംസാരിച്ചകൂട്ടത്തിൽ മേൽപറഞ്ഞ ചായക്കടയിൽ നടന്ന അനീതിയേയും, അക്രമത്തേയും കുറിച്ചും ഞാൻ അദ്ദേഹത്തോടു പറയുകയുണ്ടായി. ഇതുപോലെ എത്ര ഉദാഹരണങ്ങളും വേണമെങ്കിലും എടുത്തു പറയാൻ സാധിക്കും. പക്ഷെ, അതെല്ലാമെടുത്തു പറഞ്ഞു് ഈ സഭയുടെ സമയം കണയണമെന്നു ഞാൻ വിചാരിക്കുന്നില്ല. ഈവക ആക്ഷേപങ്ങളെ സംബന്ധിച്ചു ചേർപ്പു പോലീസ്സ് തക്ക നടപടികളും എടുക്കുന്നില്ലായെന്നു കാണിക്കാൻവേണ്ടി മാത്രമാണ് മറ്റു രണ്ടു സംഭവങ്ങളും ഇവിടെ എടുത്തു പറയേണ്ടി വന്നതു്. വാസ്തവത്തിൽ ഈ കാര്യത്തെ സംബന്ധിച്ചു് തക്കനടപടിയെടുക്കേണ്ടതു് ഏറ്റവും അത്യാവശ്യമായിട്ടുള്ള സംഗതിയാണ്. അധഃകൃതമർദ്ദനക്കേസ്സുകളെ സംബന്ധിച്ചു ചില പോലീസുദ്യോഗസ്ഥന്മാർ കൈക്കൊള്ളുന്ന അന്യായവും, അനാശാസ്യവുമായ നയത്തെ ഗവണ്മെന്റിന്റേയും നിയമസഭയുടേയും മുമ്പിൽ പല സന്ദർഭങ്ങളിലും ഞാൻ കൊണ്ടുവരുകയുണ്ടായിട്ടുണ്ട്. ഈമാതിരിയുള്ള അനീതികളും, അക്രമങ്ങളും വച്ചിച്ചു വരുകയല്ലാതെ കുറയുന്നതായി കാണുന്നില്ല. ഇപ്പോൾ ചേർപ്പു പോലീസ്സ്സ്റ്റേഷന്റെ അധികാരാതൃത്തിയിലുള്ള കാര്യങ്ങളും മാത്രമെ ഇവിടെ കൊണ്ടുവന്നിട്ടുള്ളു. ഇതുപോലെയുള്ള കേസുകളെസംബന്ധിച്ചു മറ്റു ചില പോലീസ്സ് സ്റ്റേഷനുകളിലും ഉള്ള പോലീസ്സധികാരികളും തക്ക നടപടിയെടുക്കുന്നില്ലായെന്നും പറയേണ്ടിയിരിക്കുന്നു. ആ കാര്യം ഗവണ്മെണ്ടിന്റെ ദൃഷ്ടിയിൽ പെടുത്തുവാൻ വേറെ ഒരു കടമോഷൻ ഞാൻ ഇവിടെ അവതരിപ്പിക്കുന്നുണ്ട്. അപ്പോൾ ആവക കാര്യങ്ങളെ സംബന്ധിച്ചു വിസ്തരിച്ചുകൊള്ളാം. ചേർപ്പു പോലീസ്സ്സ്റ്റേഷന്റെ അധികാരാതൃത്തിയിൽ നടക്കുന്ന അധഃകൃതമർദ്ദനക്കേസ്സുകളെ സംബന്ധിച്ചു അവിടത്തെ പോലീസ്സധികാരികളും തക്ക നടപടിയെടുക്കുന്നില്ലഎന്നുള്ളതിനെ സംബന്ധിച്ചു എനിക്കു ശക്തിയായി ആക്ഷേപിക്കാതെ നിവൃത്തിയില്ല. ഈ കാര്യം ബഹുമാനപ്പെട്ട പൊതുമരാമത്തുമന്ത്രിയുടെ ശ്രദ്ധയിലും ഞാൻ പെടുത്തുന്നു.

Deputy President : There is another motion in the name of the Hon'ble Member Why not the Hon'ble member move both these motions together now so that we can save time ?

Mr. K. K. Kannan *(Nominiated)* : If the Chair allows me to do so, I shall do so.

Mr. M. K. Raja *(Mulakunnathukavu)* : Can the Chair allow the Hon'ble Member to move another motion when one motion is being discussed ?

LIBRARY ARCHIVES Kerala Legislative Assembly

Mr. P. Govinda Menon *(Minister for Food and Education)*: What the Chair means is only that the other motion need not be moved.

Deputy President : I would like the Hon'ble Member to move both the motions together. Discussion can be under this motion and he can speak on the other motion also ; but, does the Hon'ble Member want to move the other motion separately ?

Mr. K. K. Kannan *(Nominiated)* : Yes, I want to move it separately.

Deputy President : So that you want to continue discussion on this motion.

മിസ്റ്റർ കെ. കെ. കണ്ണൻ : അതുകൊണ്ട് ചേപ്പ്പോലീസ്സ് സ്റ്റേഷനിൽ അധികാരം ഏത്തിയിലൂണ്ടാകുന്ന അധഃകൃതമർദ്ദനങ്ങളെ സംബന്ധിച്ചു ഇനി ഈ മാതിരിയിലുള്ള ആക്ഷേപങ്ങൾ ഉണ്ടാകാതിരിക്കണമെന്നുള്ള സംഗതി ബഹുമാനപ്പെട്ട ഗവൺമെണ്ടിന്റെ ശ്രദ്ധയിൽ പെടുത്താൻ വേണ്ടിമാത്രമാണ് ഞാൻ ഈ ആക്ഷേപം ഇവിടെ രേഖപ്പെടുത്തുന്നത്.

മിസ്റ്റർ എം. ഐ. പോൾ : ഞാൻ ഈ ഖണ്ഡനോപക്ഷേപത്തെ അനുകൂലിക്കുന്നു. Can I speak in general terms?

Deputy President : If the Hon'ble Member wants to speak on this motion, he can do so; but if he wants to speak in general terms he can do it when the next motion is discussed.

റാവുസാഹിബ് എ. മാധവപ്രഭു : സർ, ചേപ്പ്പോലീസ്സ് സ്റ്റേഷനിൽ കുറെ അധികം ആക്ഷേപങ്ങളും, ഹർജ്ജികളും കൊണ്ടുചെന്നിട്ട് അതിനെപ്പറ്റി സംബന്ധിച്ചു ശരിയായ അന്വേഷണം നടത്തിയില്ലായെന്നും മറ്റുമാണ് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പ്രസംഗിച്ചിട്ടുള്ളത്. പക്ഷെ, റിപ്പോർട്ട്കൊണ്ടു കാര്യമെന്തായാലും വെച്ചാൽ ഡിപ്രസ്സ്ഡ് ക്ലാസിന്റെ പേരുംപറഞ്ഞു ചിലർ ചില കള്ളഹർജ്ജികളും അവിടെകൊണ്ടുപോയികൊടുക്കും. അതിനുതെളിവുകൊടുക്കണമെന്നും പറയുമ്പോൾ അതുകൂടി തെളിയിക്കാൻ സാധ്യമല്ലായെന്നും പറയും. എന്നാലും പോലീസുകാർ അന്വേഷണം നടത്തി ചാർജ്ജുചെയ്യാൻ പുറപ്പെടുമ്പോഴേക്കും അവർ രണ്ടുപേരുംകൂടി യോജിക്കുകയായി. തല്ലുകൊണ്ടതും കുറെ കാശുവാങ്ങി കേസ്സവസാനിപ്പിക്കും. പോലീസുകാർ കേസ്സുചാർജ്ജ് കോടതിയിൽ കൊണ്ടുചെന്നശേഷം ആക്ഷേപക്കാരനെ അന്വേഷിച്ചാൽ അവിടെയെങ്ങും കാണുകയില്ല. ഇങ്ങനെയായി അവസാനം പോലീസ്സ് ഇങ്ങനെയുള്ള കംപ്ലെയിൻറ് വരുമ്പോൾ സത്യാവസ്ഥ മനസ്സിലാക്കിയതിനു ശേഷമേനടപടിയെടുക്കാറുള്ളൂ. കേസ്സന്വേഷിച്ചു തെളിവുണ്ടായിട്ട് ഒരു കേസ്സും കോടതിയിൽ കൊണ്ടുപോകാതിരുന്നിട്ടില്ല. അന്തിക്കാട്ടെ ഒരു സ്ത്രീയുടെ കാര്യം ഇവിടെ പറയുകയുണ്ടായി. ഉയന്ജാതിക്കാരനായ ഒരാൾ അവരെ ഉപദ്രവിച്ചു എന്നു് ഒരു കംപ്ലെയിൻറ് ഒരിക്കൽ വരികയുണ്ടായി. തൊഴിലാളിസംഘങ്ങളിലും മറ്റും പെട്ടു് ചില കേസ്സുകളിൽ പെട്ട ഒളിവിൽ നടക്കുന്നവർ രാത്രികാലങ്ങളിൽ മാത്രമല്ലാ പകൽസമയങ്ങളിലും ഒളിച്ചിരിക്കുന്നതു് ഇങ്ങിനെയുള്ളവരുടെ മാടങ്ങളിലാണ്. ഇങ്ങിനെ ഒളിച്ചിരിക്കുന്നവരുടെ കൂട്ടത്തിൽ പലജാതിയിലും പെട്ടവരുണ്ടാകും. ഇവരെപ്പറ്റി അന്വേഷണം നടത്താൻ ചെന്നാൽ എന്നെതല്ലിയെന്നു പറഞ്ഞു അങ്ങിനെയുള്ള സ്ഥലങ്ങളിലുള്ളവർ ലഹളകൂട്ടുകയായി. ഈ തരത്തിൽ ഒരു സ്ത്രീ എന്നെ ഒരാൾ തല്ലി; എൻറെ മുഖത്തു് വടികൊണ്ടുകുത്തി എന്നുപറഞ്ഞു പോലീസ്സ് സ്റ്റേഷനിൽ ഒരു ഹർജ്ജികൊടുത്തു. അതിനെപ്പറ്റി അന്വേഷണം നടത്തി കേസ്സുചാർജ്ജുചെയ്യേണ്ട ആവശ്യത്തിനു് ഈ സ്ത്രീയെ ഡാക്ടർ പരിശോധനക്കയച്ചു. ഡാക്ടർ പരിശോധനയിൽ അവകാശയാതൊരു പരുക്കുമില്ലായെന്നു തെളിഞ്ഞു. എങ്കിലും ഡിപ്രസ്സ്ഡ് ക്ലാസിൽ പെട്ട ഒരാൾ കൊണ്ടുവന്നകേസല്ലേയെന്നു വിചാരിച്ചു കേസ്സുചാർജ്ജുചെയ്തു് കോടതിയിൽ കൊണ്ടുപോയി. അതിനെപ്പറ്റി രീതിമാനമൊന്നുമായിട്ടില്ല. ഇങ്ങിനെയുള്ളകേസ്സുകളിൽ നടപടിയെടുക്കാതിരിക്കാൻ തക്കവണ്ണം ചേപ്പ്പോലീസ്സ് സ്റ്റേഷനിൽ ഉള്ളവർക്കു് യാതൊരു പ്രത്യേകതയുമില്ല. മറ്റു പോലീസ്സുസ്റ്റേഷനുകളിലും എടുക്കുന്ന നടപടികളും ഒക്കെ അവരും എടുക്കുന്നുണ്ടു്. എന്നു മാത്രമെ എനിയ്ക്കു ഇതിനപ്പറ്റി പറയുവാനുള്ളൂ.

മിസ്റ്റർ കെ. കെ. കണ്ണൻ: സർ, ഞാൻ ഇവിടെ അവതരിപ്പിച്ചിട്ടുള്ള കട്ടമോഷണത്തുള്ള മറുപടിയാണു് ഈ പറഞ്ഞതെന്നു എനിക്കു തോന്നുന്നില്ല. വളരെ നിരാശാജനകമായ ഒരു മറുപടിയാണു് ബഹുമാനപ്പെട്ട ചീഫ് സക്രട്ടറി അവർകളിൽനിന്നു എനിക്കുകിട്ടിയതു്. ഇതു് ഞാൻ ഒട്ടും പ്രതീക്ഷിച്ചിരുന്നില്ല. ചില ആളുകൾ മർദ്ദനം ഏറ്റശേഷം മർദ്ദിയ്ക്കപ്പെട്ട ആളിൽനിന്നു കാശുവാങ്ങി അതു് ഒരു തൊഴിലായി കൊണ്ടുനടക്കാറുണ്ടു്

LIBRARY ARCHIVES Kerala Legislative Assembly

എന്നുള്ളതു് ശരിയായിരിക്കാം. അതുപോലെയാണു അധ:കൃതരെ സംബന്ധിക്കുന്ന മർദ്ദനങ്ങളും എന്നു ബഹുമാനപ്പെട്ട ഗവൺമെൻറു വിചാരിക്കുന്നുണ്ടെങ്കിൽ അതു തെറ്റാണെന്നു ഉറപ്പിച്ചു പറയാൻ ഞാനാഗ്രഹിക്കുന്നു. മേലായി എന്ന സ്ത്രീ തല്ലുകൊണ്ടു അനങ്ങാൻ വയ്യാതെ എറണാകുളത്തുവന്നു. ഈ ആശുപത്രിയിൽ അവരെ ചേക്കാതെവന്നപ്പോൾ പിറേറ ദിവസം തൃശ്ശിവപേരൂർ സിവിൽ ആശുപത്രിയിൽ കൊണ്ടുപോയി ചേർത്തു. അവർ ഫ ഫ ദിവസം അവിടെകിടന്നു. പതിനൊന്നാം ദിവസം സുഖമായി എന്നു പറഞ്ഞു അവരുടെ പേരുവെട്ടി പുറത്തയച്ചു. അതിൻശേഷം ഞാൻതന്നെ കൊണ്ടുപോയി അവരെ വീണ്ടും അവിടെ ചേർത്തു.

റാവുസാഹിബു് എ. മാധവപ്രഭു: അന്തിക്കാട്ടെ ഒരു സ്ത്രീയുടെ കാര്യമാണു് ഞാൻ പറഞ്ഞതു്.

മിസ്റ്റർ കെ. കെ. കണ്ണൻ: അതുപോലെയാണു് ഈ സ്ത്രീയുടെകാര്യം എന്നു വിചാരിക്കുന്നതു പരമാബദ്ധമാണു്. ഇങ്ങിനെ രണ്ടുപ്രാവശ്യം തൃശ്ശിവപേരൂർ സിവിൽ ആശുപത്രിയിൽ കിടത്തി ചികിത്സിച്ചതിനുശേഷമാണു് ആ സ്ത്രീക്കു് സുഖമായി വീട്ടിലേക്കു് പോകുവാൻ സാധിച്ചതു്: വീട്ടിൽ ചെന്നപ്പോൾ മർദ്ദകന്മാർ ആ സ്ത്രീയേയും അവരുടെ ഭർത്താവിനേയും കുട്ടികളേയും യാതൊരു ദയയും കൂടാതെ കടിയിറക്കി പറഞ്ഞയക്കുകയാണു് ചെയ്തതു്. വാസ്തവത്തിൽ ചേർപ്പുപോലീസ്സു് സ്റ്റേഷനിലെ ഉദ്യോഗസ്ഥന്മാർ ഇങ്ങിനെയുള്ള അക്രമങ്ങൾക്കു കൂട്ടുനില്ക്കുന്നുണ്ടോ എന്നുപോലും ഞാൻ സംശയിക്കുന്നു. അതുകൊണ്ടു ഈ മാതിരിയുള്ള സമാധാനങ്ങൾകൊണ്ടു ഞങ്ങൾ തൃപ്തിപ്പെടുമെന്നു ഗവൺമെണ്ടു് ഒരിക്കലും വിചാരിക്കേണ്ട. നീതിന്യായമങ്ങൾ പണക്കാരെ മാത്രം ബാധിക്കുന്ന ഒരു സംഗതിയല്ല. പാവപ്പെട്ട സാധുക്കൾക്കും ഈ നാട്ടിൽ കിടക്കപ്പൊറുതി വേണമെന്നമാത്രമാണു് ഞാൻ ബഹുമാനപ്പെട്ട ഗവർമ്മെണ്ടിനെ ഉൽബോധിപ്പിക്കുന്നതു്. ഗവർമ്മെണ്ടിനോടു സഹവിധത്തിലും സഹകരിച്ചുകൊണ്ടു് ഈ മാതിരിയുള്ള അക്രമങ്ങൾ ഇല്ലാതാക്കുന്നതിനു ഞങ്ങളുടെ സഹകഴിവുകളും ഉപയോഗിക്കുന്നുണ്ടു്. സഹകരണങ്ങളും ഗവർമ്മെണ്ടിനു നല്കുന്നുണ്ടു്. ഈ മർദ്ദനങ്ങളെ അവസാനിപ്പിക്കുന്നതിനു 'നിങ്ങളുടെ സഹകരണം ആവശ്യമാണു്' എന്നു ഗവർമ്മെണ്ടു ഞങ്ങളോടു പറഞ്ഞിട്ടുണ്ടു്. അതനുസരിച്ചു ഭയങ്കരമായ മർദ്ദനങ്ങൾ ഉണ്ടാകുമ്പോൾ ഞങ്ങൾ നേരിട്ടു സംഭവസ്ഥലത്തു ചെന്നു വിവരങ്ങൾ ശരിയായി അന്വേഷിച്ചു പോലീസ്സു് സ്റ്റേഷനിൽചെന്നു പരാതിപ്പെടാറുണ്ടു്. ഗവർമ്മെണ്ടിനോടു ഈ മാതിരിയുള്ള സഹകരണമനോഭാവം പ്രദർശിപ്പിച്ചിട്ടും സമാധാനമില്ല. ആ സംഗതി ഇവിടെ പറയുമ്പോൾ ഗവർമ്മെണ്ടു് ഇത്തരത്തിലുള്ള ഒരു മറുപടിയാണു തരുന്നതെങ്കിൽ അതു കഷ്ടമാണു്. ഞങ്ങൾ ഒരിക്കലും ഇതു സമ്മതിച്ചു തരാൻപോകുന്നില്ല. നീതിന്യായമങ്ങൾ സാധുക്കൾക്കും ബാധകമാകുമെന്നു ഇവിടെ പ്രസ്താവിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു.

റാവുസാഹിബു് എ. മാധവപ്രഭു: ചേർപ്പുകാര്യത്തെ സംബന്ധിച്ചുള്ളതാണു കട്ടുമോഷൻ. അതിനെ സംബന്ധിച്ചു മാത്രമേ ഞാൻ മറുപടിപറഞ്ഞിട്ടുള്ളൂ. ജനറലായിട്ടുള്ള കാര്യത്തെപ്പറ്റിയല്ല ഞാൻ പറഞ്ഞതു്.

ഡപ്യൂട്ടി പ്രസിഡണ്ടു്: ബഹുമാനപ്പെട്ട ചീഫ് സിക്രട്ടറി അവർകൾക്കു് ചേർപ്പുകാര്യത്തെപ്പറ്റി ഇത്രമാത്രമേ പറയുവാനുള്ളോ?

റാവുസാഹിബു് എ. മാധവപ്രഭു: ഇതിനെ സംബന്ധിച്ചു ഇത്രമാത്രമേ പറയുവാനുള്ളൂ. അന്തിക്കാട്ടെ കാര്യത്തെപ്പറ്റി ഇതിനുമുമ്പു ഇവിടെ പറയുകയുണ്ടായി. അതുകൊണ്ടാണു് അതിനെപ്പറ്റി ഞാൻ ഇവിടെ പറഞ്ഞതു്.

മിസ്റ്റർ കെ. കെ. കണ്ണൻ: ബഹുമാനപ്പെട്ട ഗവൺമെണ്ടു ചേർപ്പിലെ സംഭവഗതികളെപ്പറ്റി തെറ്റിദ്ധരിച്ചു പറഞ്ഞതുകൊണ്ടാണു് ഇങ്ങിനെ മറുപ്രായം പറയാൻ എന്നെ പ്രേരിപ്പിച്ചതു്. ഗവർമ്മെൻറു ചേർപ്പു് പോലീസ്സിന്റെ ഈ അനാസ്ഥയ്ക്കു് തക്ക നടപടിയെടുക്കുമെന്നു ഞാൻ വിചാരിക്കുന്നു. ഈ സഭയുടെ അനുവാദത്തോടുകൂടി ഈ ഖണ്ഡനോപക്ഷേപത്തെ പിൻവലിച്ചുകൊള്ളുന്നു.

Motion, by leave, withdrawn.

LIBRARY ARCHIVES Kerala Legislative Assembly